# 2020 വർഷത്തെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, എ.എച്ച്.എസ്.എൽ.സി മുതലായ സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ വരുത്തുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ.

2020 വർഷത്തെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തിരുത്തൽ വരുത്തുന്നതിന് നിരവധി അവസരങ്ങൾ നൽകിയിട്ടും തിരുത്തലിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ സർട്ടിഫിക്കറ്റുകൾ തിരുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

സ്കൂൾ മേധാവിയുടെ ശുപാർശയോടു കൂടിയ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷകളാണ് തിരുത്തലുകൾക്കായി പരിഗണിക്കുന്നത്. പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നുള്ള തിരുത്തലുകൾക്കായുള്ള അപേക്ഷാഫാറത്തിലാണ് അപേക്ഷ നൽകേണ്ടത്. **ഓരോ സർട്ടിഫിക്കറ്റിലെയും തിരുത്തലുകൾക്ക് പ്രത്യേക അപേക്ഷ തയ്യാറാക്കി നൽകാൻ പ്രഥമാദ്ധ്യാപകൻ ശ്രദ്ധിക്കേണ്ടതാണ്. 2020 വർഷത്തെ തിരുത്തലുകൾക്കായുള്ള പൊതുനിർദ്ദേശങ്ങൾ മുൻപുള്ള വർഷങ്ങളിലെ തിരുത്തലുകൾക്ക് ബാധകമായിരിക്കുകയില്ല.**

1) ജനനത്തീയതി:- നിർദ്ദിഷ്ട അപേക്ഷയോടൊപ്പം ജനനസർട്ടിഫിക്കറ്റിന്റെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കണം. പേരു രേഖപ്പെടുത്തിയിട്ടില്ലാത്ത ജനന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുകയില്ല. ജനനത്തീയതി, പിതാവിന്റെ പേര്, മാതാവിന്റെ പേര്, ജനനസ്ഥലം എന്നിവ സ്കൂൾ സർട്ടിഫിക്കറ്റിലും ജനനസർട്ടിഫിക്കറ്റിലും ഒരുപോലെ ആയിരിക്കണം.

2) പേര്:-സ്കൂൾ രേഖകളിൽ നിന്നും വ്യത്യസ്തമായി സർട്ടിഫിക്കറ്റുകളിലെ പേര്, ഇനിഷ്യൽ എന്നിവ തിരുത്തി നൽകുന്നതല്ല. ക്ലറിക്കൽ എറർ ആണെങ്കിൽ പ്രഥമാദ്ധ്യാപകന്റെ റിപ്പോർട്ടും വിദ്യാർത്ഥിയുടെ പേര് ശരിയായി രേഖപ്പെടുത്തിയിരിക്കുന്ന അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

3) പ്രദേശികഭാഷയിലെ പേര്:-പ്രാദേശിക ഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള പേര് ശരിയായി മാതൃഭാഷയിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ തിരുത്തി നൽകുന്നതിനായി പ്രഥമാദ്ധ്യാപകന്റെ റിപ്പോർട്ടിനോടൊപ്പം പ്രാദേശികഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള അഡ്മിഷൻ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ആവശ്യമാണ്.

4) അഡ്മിഷൻ നമ്പർ:- സ്കൂൾ മേധാവിയുടെ റിപ്പോർട്ടിനോടൊപ്പം അഡ്മിഷൻരജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (എക്സ്ട്രാക്റ്റ് സ്വീകരിക്കുന്നതല്ല) ഹാജരാക്കേണ്ടതാണ്.

5) ആൺ/പെൺ:- സ്കൂൾ മേധാവിയുടെറിപ്പോർട്ടിനോടൊപ്പം അഡ്മിഷൻ രജിസ്റ്ററിന്റെ കോപ്പി/പ്രവേശനഫാറം എന്നിവപ്രകാരം ആൺ/പെൺ തിരുത്തൽ അനുവദിക്കുന്നതാണ്

6) ജാതി,മതം:- സ്കൂൾ രേഖകളിൽ നിന്നും വ്യത്യസ്തമായി ജാതി, മതം, എന്നിവ തിരുത്തി നൽകുന്നതല്ല. ക്ലറിക്കൽ എറർ ആണെങ്കിൽ അഡ്മിഷൻരജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി, (എക്സ്ട്രാക്റ്റ് സ്വീകരിക്കുന്നതല്ല) ബന്ധപ്പെട്ട തഹസിൽദാരുടെ സർട്ടിഫിക്കറ്റ്, ഹെഡ്മാസ്റ്ററുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ തിരുത്തി നൽകുന്നതാണ്.

7) കാറ്റഗറി:- അഡ്മിഷൻരജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം പ്രഥമാദ്ധ്യാപകന്റെ റിപ്പോർട്ടിനോടൊപ്പം നൽകേണ്ടതാണ്.

8) പൗരത്വം:- പൗരത്വം തിരുത്തി നൽകുന്നതിനായി ബന്ധപ്പെട്ട തഹസിൽദാരുടെ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

9) ജനനസ്ഥലം:- അസ്സൽ ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനനസ്ഥലം തിരുത്തി നൽകുന്നതാണ്.

10) അമ്മയുടെയുംഅച്ഛന്റെയും പേര്:- അസ്സൽ ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജനനസർട്ടിഫിക്കറ്റിലുള്ളതു പോലെ അമ്മയുടേയും അച്ഛന്റേയും പേര് തിരുത്തി നൽകുന്നതാണ്. അപേക്ഷയോടൊപ്പം വില്ലേജ് ആഫീസറുടെ 'One and the Same' സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തേണ്ടതാണ്.

11) രക്ഷകർത്താവിന്റെ പേര്:- രക്ഷകർത്താവിന്റെ പേര് തിരുത്തുന്നതിനായി സ്കൂൾ മേധാവിയുടെ റിപ്പോർട്ടിനോടൊപ്പം അഡ്മിഷൻരജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതാണ്.

12) മേൽവിലാസം:- അപേക്ഷയോടൊപ്പം അഡ്മിഷൻരജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

13) തിരിച്ചറിയൽ അടയാളങ്ങൾ:- സ്കൂൾ മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ അടയാളങ്ങൾ സർട്ടിഫിക്കറ്റിൽ തിരുത്തി നൽകുന്നതാണ്.

**തിരുത്തലിനായി ലഭിക്കുന്ന അപേക്ഷകളും അനുബന്ധരേഖകളും ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ കൃത്യമായി പരിശോധിക്കേണ്ടതും ശുപാർശ കത്തിനോടൊപ്പം എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തി അയച്ചുതരേണ്ടതുമാണ്. എല്ലാ തിരുത്തലുകൾക്കും അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് മേലധികാരി സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. അഡ്മിഷൻരജിസ്റ്ററിന്റെ എക്സ്ട്രാക്റ്റ് സ്വീകരിക്കുന്നതല്ല. ഓരോ സർട്ടിഫിക്കറ്റിനും സർട്ടിഫിക്കറ്റ് ഫീസായി 30/-രൂപ 0202-01-102-92 Other Receipts എന്ന ശീർഷകത്തിൽ ചെലാൻ അടക്കേണ്ടതാണ്.**

ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തുമ്പോൾ അപേക്ഷകന്റെ/അപേക്ഷകയുടെ പേര് ജനനസർട്ടിഫിക്കറ്റിലും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലും ഒരുപോലെ തന്നെ ആയിരിക്കണം. അല്ലാത്തപക്ഷം എസ്.എസ്.എൽ.സിയിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരിലുള്ള വ്യക്തിയും ജനനസർട്ടിഫിക്കററിലെ വ്യക്തിയും ഒരാളാണെന്ന് തെളിയിക്കുന്ന വില്ലേജ് ആഫീസറുടെ "One and the Same" സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. **തിരുത്തലുകൾ ജനനസർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നടത്തുമ്പോൾ മറ്റു തിരുത്തലുകൾ ഇല്ലായെന്ന് പ്രഥമാദ്ധ്യാപകൻ ഉറപ്പുവരുത്തേണ്ടതും അല്ലായെങ്കിൽ പ്രസ്തുത തിരുത്തലുകൾ വരുത്തുന്നതിനായുള്ള അപേക്ഷ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.**

OFFICE OF THE COMMISSIONER FOR GOVT. EXAMINATIONS
PAREEKSHA BHAVAN
TRIVANDRUM-695 012

**ജോയിന്റ് കമ്മീഷണർ**

വിഎം